**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3369</u>** **<u>04-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>എടച്ചേരി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കൽ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ എടച്ചേരി വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് വേണ്ടി എടച്ചേരി പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കാൻ റവന്യൂ വകുപ്പ് നൽകിയ പ്രൊപ്പോസലിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | എടച്ചേരി വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി എടച്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് 05.02.2021 ന് വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച അറിയിപ്പ് പ്രകാരം 10.02.2021ന് പഞ്ചായത്ത് ഭരണസമിതി അനുകൂല തീരുമാനം എടുക്കുകയും അതുപ്രകാരം ഭൂമി കൈമാറുന്നതിനുള്ള തുടർ നടപടികൾ സ്വീകരിയ്ക്കുന്നതിനുള്ള അപേക്ഷ, രേഖകൾ സഹിതം കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രപ്പോസലിന്മേൽ കൂടുതൽ രേഖകൾ ആവശ്യപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഗ്രാമ പഞ്ചായത്ത് മുഖേന വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും അവ ലഭിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കി ഭൂമി കൈമാറ്റത്തിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | എടച്ചേരി വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി എടച്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് 05.02.2021 ന് വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച അറിയിപ്പ് പ്രകാരം 10.02.2021ന് പഞ്ചായത്ത് ഭരണസമിതി അനുകൂല തീരുമാനം എടുക്കുകയും അതുപ്രകാരം ഭൂമി കൈമാറുന്നതിനുള്ള തുടർ നടപടികൾ സ്വീകരിയ്ക്കുന്നതിനുള്ള അപേക്ഷ, രേഖകൾ സഹിതം കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രപ്പോസലിന്മേൽ കൂടുതൽ രേഖകൾ ആവശ്യപ്പെട്ട് |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഗ്രാമ പഞ്ചായത്ത് മുഖേന വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും അവ ലഭിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കി ഭൂമി കൈമാറ്റത്തിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ